DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

13.02.2019

# കാർഷികമേഖലാവാർത്തകൾ

പ്രളയജലത്തെ തോല്പിച്ച മനക്കരുത്തും ആത്മവിശ്വാസവുമായി ദുരന്തമുഖത്തുനിന്നും തിരികെയെത്തി പാൽക്കുടങ്ങൾ നിറയ്ക്കുന്ന ക്ഷീരകർഷക ജനതയുടെ സ്നേഹസംഗമമായി ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് ഗ്രൗണ്ടിൽ വച്ച് ഫെബ്രുവരി 22,23 തീയതികളിൽ നടക്കുന്ന സംസ്ഥാന ക്ഷീകർഷക പാർലമെന്റിന്റെ പ്രചരണാർത്ഥം യാത്ര തുടങ്ങുന്ന സ്നേഹസന്ദേശ വാഹനം - അതിജീയനയാനം 13 ന് രാവിലെ 9.30 മണിയ്ക്ക് ക്ഷീരവികസന -മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജു കൊല്ലം ജില്ലയിൽ കൊട്ടാരക്കരക്കടുത്തുള്ള വെളിയം എന്ന കാർഷിക ഗ്രാമത്തിൽ വച്ച് പതാക വീശി യാത്രയാക്കുന്നു. അനുബന്ധ സമ്മളനത്തിൽ അഡ്വ. അയിഷാപോറ്റി എം. എൽ. എ. അദ്ധ്യക്ഷത വഹിക്കുന്നു. രാഷ്ട്രീയ, സാമൂഹിക, ഔദ്യോഗിക രംഗത്തെ പ്രുമുഖർ സമ്മേളനത്തിൽ പങ്കെടുക്കുന്നു. കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലകളിൽ പ്രചരണം പൂർത്തിയാക്കി ഫെബ്രുവരി 18 ന് ആലപ്പുഴ ജില്ലയിൽ പ്രവേശിക്കുന്ന യാനം 18,19,20 തീയതികളിൽ ആലപ്പുഴ ജില്ലയിൽ പര്യടനം നടത്തുന്നു.

## മാതൃകാ നാളികേരതോട്ടത്തിന്റെ സമാരംഭം

നെടുങ്ങോലം രാമറാവു താലൂക്ക് അശുപത്രി കോമ്പൗണ്ടിൽ തരിശായി കിടക്കുന്ന 10 ഏക്കർ സ്ഥലത്ത് അത്യുത്പാദനശേഷിയുള്ള തെങ്ങിൻതൈ നടുന്ന ചടങ്ങ് കൃഷി വകുപ്പ് മന്ത്രി അഡ്വ. വി. എസ്. സുനിൽകുമാർ ഇന്ന് ഉച്ചതിരിഞ്ഞ് 3 മണിയ്ക്ക് നിർവ്വഹിക്കുന്നതാണ്.

## ക്ഷീരോൽപ്പന്ന നിർമ്മാണ മത്സരം

ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ 2019 ഫെബ്രുവരി 22,23 തീയതികളിലായി ആലപ്പുഴ റ്റി. ഡി. മെഡിക്കൽ കോളേജ് ആഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിക്കുന്ന ക്ഷീരകർഷക പാർലമെന്റിന്റെ ഭാഗമായി ക്ഷീരോൽപ്പന്ന നിർമ്മാണമത്സരം നടത്തുന്നു. ഒരു ദിവസം മൂന്ന് ക്ഷീരോൽപ്പന്നങ്ങളുടെ മത്സരം ഉണ്ടായിരിക്കുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്കായി 0476-2698550 എന്ന ലാൻഡ് ഫോൺ നമ്പരിൽ ഫെബ്രുവരി 20 ന് വൈകിട്ട് 5 മണിയ്ക്ക് മുമ്പായി ഓഫീസ് പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടുക.

## ഉണർവ്വ് 2019

കൊല്ലം ആത്മ, കൃഷി വകുപ്പ്, കുടുംബശ്രീ, കെവികെ കൊല്ലം, കൊല്ലം കോർപ്പറേഷൻ, മറ്റ് അനുബന്ധവകുപ്പുകൾ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ജില്ലാതല കിസാൻമേള **ഉണർവ്വ് 2019**

ഫെബ്രുവരി 13,14,15 തീയതികളിൽ കടപ്പാക്കട സ്പോർസ് ക്ലബ്ബിൽ നടത്തുന്നു. കൃഷി വകുപ്പ് മന്ത്രി അഡ്വ. വി. എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്ന ഉണർവ്വ് മേളയിൽ എൻ. കെ. പ്രേമചന്ദ്രൻ എം.പി, എം. നൗഷാദ് എം.എൽ.എ, കൊല്ലം മേയർ വി. രാജേന്ദ്രബാബു, കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സി. രാധാമണി തുടങ്ങിയവർ പങ്കെടുക്കുന്നു. മേളയിൽ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറിസ്, കുടുംബശ്രീ മിഷൻ തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കർഷകർ, കർഷക ഗ്രൂപ്പുകൾ എന്നിവർക്ക് അവരുടെ പ്രവർത്തനങ്ങൾ, പുത്തൻ കണ്ടെത്തലുകൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും വേദിയൊരുക്കുന്നു. കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞർ പങ്കെടുക്കുന്ന സെമിനാറുകളും, പ്രശ്നപരിഹാര ചോദ്യോത്തരവേദികളും, നൂതന സാങ്കേതികവിദ്യ പ്രദർശനങ്ങളും കലാപരിപാടികളും മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. കൊല്ലം കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ മികച്ച ഇനം നടീൽ വസ്തുക്കളുടേയും ജൈവഉൽപ്പന്നങ്ങളുടേയും വിപണനവും ഉണ്ടായിരിക്കുന്നതാണ്. പ്രദർശനസ്റ്റാളുകളിൽ കർഷക കൂട്ടായ്മകളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും സൗകര്യം ആവശ്യമുള്ളവർ കൊല്ലം ആത്മ ഓഫീസുമായി 0474-2792080 എന്ന നമ്പരിൽ ബന്ധപ്പെടുക. രാവിലെ 10 മുതൽ വൈകുന്നേരം 8 മണി വരെ നടത്തുന്ന പ്രദർശനത്തിലേയ്ക്ക് പ്രവേശനം സൗജന്യമായിരിക്കും.

## നെടുമങ്ങാട് മുൻസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന ക്ഷീരകർഷകരുടെ ശ്രദ്ധയ്ക്ക്

മൃഗസംരക്ഷണവകുപ്പ് 14.01.2019 മുതൽ ആരംഭിച്ച കുളമ്പുരോഗ പ്രതിരോധ യജ്ഞവുമായി ബന്ധപ്പെട്ട് വെറ്ററിനറി പോളിക്ലിനിക്ക് നെടുമങ്ങാട്ടിൽ നിന്നുള്ള സ്ക്വാഡുകൾ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പിനായി നെടുമങ്ങാട് മുൻസിപ്പാലിറ്റി പരിധിയിൽ വരുന്ന വീടുകളിൽ എത്തിയിട്ടില്ലായെങ്കിൽ മൃഗാശുപത്രിയുമായി അടിയന്തിരമായി ബന്ധപ്പെടേണ്ടതാണെന്ന് നെടുമങ്ങാട് വെറ്ററിനറി പോളിക്ലിനിക് സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. ബന്ധപ്പെടേണ്ട നമ്പർ 0471-2802200, 9495391367, 9495936355.

## കിഴങ്ങുവിള ഗവേഷണ നടീൽവസ്തു

കിഴങ്ങുവർഗവിളകൾ നടാൻ പറ്റിയ സമയമാണ് കുംഭമാസം. തിരുവനന്തപുരം ശ്രീകാര്യത്തുള്ള കിഴങ്ങുവിള ഗവേഷണ സ്ഥാപനത്തിൽ നിന്ന് അത്യുൽപ്പാദനശേഷിയുള്ള ഗജേന്ദ്ര, ശ്രീപത്മ ഇനങ്ങളിൽപ്പെട്ട ചേന, കാച്ചിൽ, മരച്ചീനി, ചേമ്പ്, നനകിഴങ്ങ്, ചെറുകിഴങ്ങ് എന്നിവയുടെ നടീൽവസ്തുക്കൾ ctcritvm@yahoo.com എന്ന ഇ-മെയിലിൽ മുൻകൂർ അപേക്ഷിക്കുന്ന പ്രകാരം നൽകുന്നു.